"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ ആധുനിക രീതിയിൽ നിർമ്മിക്കാനും അപ്രകാരം സാധിക്കാത്ത പ്രദേശങ്ങളിൽ പരമ്പരാഗതം / അനുയോജ്യമായ മറ്റ് രീതിയിൽ നിർമ്മിക്കാനും അനുമതി നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.322/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/02/2021

---

പരാമർശം:- 1 11.04.2017 -ലെ സ.ഉ.(സാധാ) നം. 1134/2017/തസ്വഭവ

2 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020 -ലെ എ1-685/15 -ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 22.09.2020 -ലെ IV (6) -ാം നമ്പർ തീരുമാനവും

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.01.2021-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 2.5(4.25) (iv)

**<u>ഉത്തരവ്</u>**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ കെട്ടിടങ്ങളും പരമ്പരാഗത സാങ്കേതിക വിദ്യ അവലംബിച്ച് മുള, ചെളി എന്നിവ ഉപയോഗിച്ച് അംഗീകൃത ഏജൻസികളെക്കൊണ്ട് പണിയുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ശക്തമായ പ്രകൃതി ക്ഷോഭവും വന്യ മൃഗ ആക്രമണങ്ങളും പതിവായി ഉണ്ടാകുന്ന ഇടമലക്കുടിയിൽ ചെളി, മുള മുതലായവ കൊണ്ടുള്ള പരമ്പരാഗത രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിച്ചാൽ അവ തകർന്ന് പോകാനുള്ള സാധ്യത കൂടുതലാണെന്നും ആയതിനാൽ മേൽ പരാമർശിത ഉത്തരവ് ഭേദഗതി ചെയ്ത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും സർക്കാർ കെട്ടിടങ്ങളും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പണിയുന്നതിന് അനുമതി നൽകണമെന്ന് ഊരുകൂട്ട ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. ഇടമലക്കുടിയിൽ കനത്ത മഴയും കാറ്റും ഉള്ളതിനാലും, പല പ്രദേശങ്ങളിലും വന്യമൃഗങ്ങളുടെ ശല്യം നേരിടുന്നതുകൊണ്ടും പരമ്പരാഗത രീതിയിലുള്ള നിർമ്മിതികൾ നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണവും സ്വാഭാവിക ഭൂഘടനയ്ക്ക് ദോഷം വരാതെ ആധുനിക രീതിയിലുള്ള നിർമ്മിതികൾക്ക് അനുമതി നൽകാവുന്നതാണ് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

3. പരാമർശം (3) യോഗത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ സ്വാഭാവിക ഭൂഘടനയ്ക്ക് ദോഷം വരാതെ ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതോടൊപ്പം ആധുനിക രീതിയിലുള്ള കെട്ടിടം നിർമ്മിക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ പരമ്പരാഗതം/ അനുയോജ്യമായ മറ്റ് രീതിയിലുള്ള കെട്ടിടവും നിർമ്മിക്കാൻ അനുമതി നൽകി, പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത്, ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഇടുക്കി ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ
ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി
സെക്രട്ടറി/ പ്രസിഡന്റ്, ഇടമലക്കുടി ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.02.08 11:18:23 IST
Reason: Approved
സെക്ഷൻ ഓഫീസർ